# മഹാവന്ദ്യ ദിവ്യശ്രീ
# മലങ്കരയുടെ മാർ ആഗുസ്തീനോസ് മെത്രാപ്പോലീത്താ
# തിരുമനസ്സുകൊണ്ടു് കല്പിച്ചരുളിയ ആശിസ്സ്

മലയാളഭാഷയിലെ സാഹിത്യസംബന്ധമായ പദ്യകൃതികൾ പലതും ശൃംഗാരരസ സമ്മിശ്രങ്ങളും തന്മൂലം വായനക്കാരുടെ സന്മാർഗ്ഗപരിശീലനത്തിന് ഹാനികരങ്ങളും ആണെന്ന് ഒരാക്ഷേപമുണ്ടല്ലൊ. ക്രിസ്തീയഗ്രന്ഥങ്ങൾക്ക് ആ ദോഷമില്ലെങ്കിലും അവയിൽ പലതിനും ഭാഷാശുദ്ധി പോരായെന്ന് വേറൊരാക്ഷേപവും പറയുവാനുണ്ട്. ഈ രണ്ടുവക ദോഷങ്ങളുമില്ലാത്ത ഉത്തമ കൃതികളെക്കൊണ്ടു് സാഹിത്യത്തെ പോഷിപ്പിക്കുന്നതിന് ഭാഷാഭിമാനികളായ എല്ലാവരും ശ്രമിക്കേണ്ടതാണ്. `ശ്രീയേശുവിജയം' മഹാകാവ്യം താദൃശമായ ഒരു് ഉത്തമ ഗ്രന്ഥമാണെന്നുള്ളതിന് രണ്ടു് പക്ഷമില്ല. ക്രിസ്തീയ വേദപുസ്തകത്തിലെ ദൈവപ്രോക്തങ്ങളും ഭക്തിസംവർദ്ധകങ്ങളുമായ പ്രധാന സംഭവങ്ങളും ഉപദേശങ്ങളുമാണ് അതിലെ പ്രതിപാദ്യവിഷയം. അതിന്റെ കർത്താവാകട്ടെ, ഭാഷാസാഹിത്യകുടുംബത്തിലെ ഒരു് കാരണവരായി, പല ഖണ്ഡകാവ്യങ്ങളും മറ്റും രചിച്ച്, ഒരു് വിശിഷ്ടകവിയെന്ന് പണ്ടേ പ്രസിദ്ധനായിത്തീർന്നിട്ടുള്ള മി. കട്ടക്കയത്തിൽ ചെറിയാൻ മാപ്പിളയാണ്. അതിനാൽ പ്രസ്തുത ഗ്രന്ഥം മലയാളഭാഷയ്ക്കു് എന്നും ഒരു് അമൂല്യസമ്പത്തായിരിക്കും. ഭാവിപൌരന്മാരായ വിദ്യാർത്ഥികളിലും സമുദായത്തിന്റെ അസ്തിവാരങ്ങളായ കുടുംബങ്ങളിലും സന്മാർഗ്ഗബോധവും ഭാഷാജ്ഞാനവും വർദ്ധിപ്പിക്കണമെന്ന് ആഗ്രഹമുള്ളവരെല്ലാം `ശ്രീയേശുവിജയം' മഹാകാവ്യത്തെ ആദരപൂർവം സ്വീകരിക്കുകയും പ്രചുരമായി പ്രചരിപ്പിക്കുകയും ചെയ്യേണ്ടതാണ്. ഈ വിശിഷ്ടഗ്രന്ഥം സ്കൂളുകളിൽ പാഠ്യപുസ്തകമായി അംഗീകരിച്ച് കാണുവാൻ നാം ആഗ്രഹിക്കുന്നു. മി. ചെറിയാൻ മാപ്പിളയുടെ ലോകോപകാരാർത്ഥമുള്ള ഈ പരിശ്രമത്തെ നാം അഭിനന്ദിക്കുകയും ഈ മഹാകവിയ്ക്കും മഹാകാവ്യത്തിനും നമ്മുടെ ഹൃദയപൂർവകമായ ആശിസ്സ് നൽകുകയും ചെയ്യുന്നു.

**† Augustine Kandathil**
Archbishop of Ernakulam.

Archbishop's House, Ernakulam
19th February 1926.

Publisher and Printer:
David C. Kandathil
Computer mail: kandathil@gmail.com
Home page: http://geocities.ws/kandathil
10-1-2006.